# E-THOOLIKA

APRIL 21, 2024



MUSIC

## ROCK & ROLL MALLU BAND, DERBY

## READY FOR EVE 2024?

TINY TAPPERS GETTING READY

DERBY NEWS

Cover pic Models:Anisha & Adette

# Editorial

നമസ്കാരം,

ഇത്തവണ എഡിറ്റോറിയൽ EVE 2024 വാർത്തകളാൽ നിറയുകയാണ്.
കേളികൊട്ടുയരുകയായി....
ഉത്സവങ്ങളുടെ ആരവമുണരുകയായി....
ഡർബിയിൽ EVE 2024 അരങ്ങുണരുകയായി....




ഈസ്റ്ററും, വിഷുവും, ഈദും ചേർന്ന് EVE 2024 എന്ന മനോഹരമായ ആശയ സാക്ഷാത്കാരം 27 ഏപ്രിൽ 2024ന്.

ഡർബി മലയാളി അസോസിയേഷൻ 2024 ൽ അണിയിച്ചൊരുക്കുന്ന ആദ്യ കുടുംബ സംഗമമാണ് "ഈസ്റ്റർ വിഷു ഈദ്" ആഘോഷ വേദിയായ EVE 2024. പരിപാടികളിൽ പങ്കെടുക്കുന്നതിനായി പേരുകൾ ക്ഷണിച്ചപ്പോഴാണ് എല്ലാവരും ഇങ്ങനെ ഒരു കുടുംബസംഗമ വേദി കാത്തിരിക്കുകയായിരുന്നു എന്ന് മനസ്സിലായത്. കുട്ടികളുടെയും മുതിർന്ന വരുടെയും പരിപാടികളിൽ പങ്കെടുക്കാനുള്ള ആവേശം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഒരു മികച്ച വേദി പരിപാടികളിൽ പങ്കെടുക്കുന്നവർക്കും അവരെ പ്രോത്സാഹിപ്പിക്കാനും ആസ്വദിക്കാനും എത്തിച്ചേരുന്ന DMA കുടുംബാംഗങ്ങൾക്കും ഒരുക്കണം എന്ന തീരുമാനത്തിലെത്തിയത്. ഏകദേശം 120 പ്രതിഭകൾ എത്തിച്ചേരുന്ന വേദി, ഡർബിയിലെ മലയാളികളുടെ കലാ വൈഭവം വിളിച്ചോതുന്നതാവും എന്നതാണ് പരിശീലനക്കളരികളിൽ നിന്നുള്ള അറിയിപ്പുകളിൽ നിന്ന് മനസ്സിലാവുന്നത്. വ്യത്യസ്തമായ നിരവധി പരിപാടികളാണ് DMA കലാസാംസ്ക്കാരിക വിഭാഗം ഒരുക്കിയിരിക്കുന്നത്. മുതിർന്നവരുടെ ജോലിത്തിരക്കുകളും കുടുംബകാര്യങ്ങളും കുട്ടികളുടെ പഠനവും വിനോദങ്ങളും ഒക്കെ മാറ്റി വെച്ച് ഈ ഉത്സവവേദി ഗംഭീരമാക്കാൻ പരിശ്രമിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

EVE 2024 വേദിയിൽ എത്തിച്ചേരാനുള്ള രജിസ്ട്രേഷൻ നടപടികൾ ഇന്ന് അവസാനിക്കുകയാണ്. മികച്ച രീതിയിൽ ഇതുവരെ ലഭിച്ച രജിസ്റ്റർ ചെയ്തവരുടെ എണ്ണം സംഘാടകർക്ക് നൽകുന്ന പ്രോത്സാഹനമായി കാണാൻ ആഗ്രഹിക്കുന്നു. പ്രായോഗിക ബുദ്ധിമുട്ടുള്ള പലരും ഇനിയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനുണ്ട് എന്ന കാര്യവും മനസ്സിലാക്കുന്നു. ഭക്ഷണം ഒരുക്കുന്നതിനുള്ള എണ്ണം നൽകാൻ ബുദ്ധിമുട്ടുണ്ടാകും എന്ന പ്രായോഗിക വിഷയം മനസ്സിലാക്കി ഇന്ന് തന്നെ അവരും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുമെന്ന പ്രതീക്ഷ കൂടി പങ്ക് വെക്കട്ടെ

ഡർബിയിലെ പാകിസ്ഥാൻ സാമൂഹിക കേന്ദ്രത്തിൽ ഏപ്രിൽ 27ന് നടക്കുന്ന EVE 2024 ആസ്വദിക്കുവാൻ എത്തിച്ചേരുന്നവർക്ക് അടുത്തുള്ള ഗുരുദ്വാരയുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് വാഹനങ്ങൾ സൗജന്യമായി സൂക്ഷിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഗുരുദ്വാരയുടെ കർശനമായ നിയമങ്ങൾ (ലഹരി ഉപയോഗങ്ങളുമായി ബന്ധപ്പെട്ട് ) പാലിച്ചായിരിക്കണം ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടത്.

വിശദമായ വിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പിൽ പങ്ക് വെക്കുന്നതായിരിക്കും.

e-തൂലിക എന്ന ആശയത്തെ നെഞ്ചോട് ചേർത്ത നിങ്ങൾ ഓരോരുത്തർക്കും അതിലുപരി ഓരോ മാസവും മികച്ച ഉള്ളടക്കം തയ്യാറാക്കാനുള്ള സൃഷ്ടികൾ അയച്ചു തരുന്ന പ്രതിഭാശാലികൾക്കും നന്ദി.

ഇനിയൊരു കാത്തിരിപ്പാണ്...നീണ്ട ഒരു മാസത്തെ.... e-തൂലികയുടെ മനോഹരമായ അടുത്ത ലക്കത്തിനായുള്ള കാത്തിരിപ്പ്.

**എഡിറ്റോറിയൽ - e-തൂലിക**




# MORTGAGE
&
# INSURANCE

☎ 02476 223 223
07523421138 07467431083
www.freedomcircle.co.uk

Poem

# ഋതുഭേദം

രവി വിരാമത്തിനുപോയസമയം
അനിലൻപതുങ്ങിഒളിച്ചവേള
ശരത് ഹേമന്ത ശിശിരക്കാലം
ആനന്ദത്തോടൊത്താടിപാടി
മന്ദഹാസംതൂകി വന്നനേരം!

ആടയൂരിയെറിഞ്ഞതാണോചില്ല അതോ,
കീമോവികിരണചികിത്സകഴിഞ്ഞപോലെ!
എന്തോ?
ഇലകൾകൊഴിഞ്ഞുചുക്കിചുളിഞ്ഞു
വാടികരിഞ്ഞഉണക്കകരിമരം !

വിരഹദുഃഖത്തിൽവിലപിക്കവേ!
വെയിൽവന്നുവലിഞ്ഞുമുറുക്കിപുണർന്നു
നഗ്നമരത്തിൻ ശാഖയിൽ!
ചെല്ലകിളികൾകൂടുകൂട്ടി പ്രണയിച്ചും
രസിച്ചുല്ലസിച്ചുചില്ലയിൽ.

അസ്ഥിരചഞ്ചലകാലചക്രമല്ലോ
കാലങ്ങൾമാറിതിരിഞ്ഞു വരും!
പ്രകൃതിതൻവികൃതിവരവേറ്റവിദ്രു
പുതുവസന്തത്തിനായിക്കാത്തിരുന്നു.

കള്ളനെപോലെമഞ്ഞുമഴയായി വന്നു
ഹിമകണംകൊണ്ടുനനച്ചുകുളിർപ്പിച്ചു,
ഋതുമതിയായിപൂത്തുതളിർത്തിടാൻ-തരു
ഋതുഭേതകല്പനക്കായികാത്തുനിൽപ്പൂ .

-Ajitha Shibu






# Malabar Gold & Diamonds

## EVE'24 Event Sponsor



# ഹഗ്ഗ്

Short Story

**അനീഷ് കുണ്ടറ**

**രാത്രി** വല്ലാണ്ട് വൈകി, ആനന്ദും അഞ്ജുവും ഉറങ്ങിയിട്ടില്ല, സമയം ഏകദേശം രണ്ട് ആകാറായി.. മൂന്ന് വയസ്സുള്ള ഋതു കരച്ചിലും ബഹളവുമായി ബെഡിൽ കിടന്നുരുളുന്നു.

അവർക്ക് ഇത് പുതുമ അല്ല, കാരണം, അവരുടെ മിക്ക രാത്രികളും ഇങ്ങനൊക്കെ തന്നെയാണ്...
ഉറക്കം നഷ്ടപെട്ട കണ്ണുകളുടെ ചുറ്റിലും ഉള്ള കറുത്ത വട്ടം രണ്ടുപേരിലും കാണാം, തിളക്കം ഇല്ലാത്ത പുഞ്ചിരിയും, കാർമേഘം മൂടിയ മുഖവും നിഴലിച്ചു നില്ക്കുന്നു . അവർ രണ്ടുപേരും ചുണ്ട് കൊണ്ട് ഗോഷ്ട്ടി കാണിക്കാതെ മനസ്സ് തുളുമ്പി ചിരിച്ചിട്ട് നാളേറെയായി...

ഇന്നിപ്പോ കുഞ്ഞിന്റെ കരച്ചിലും ബഹളവും മാത്രമല്ല അവരെ അലട്ടുന്നത്.രാവിലെ ജെയിംസ് തന്റെ മകന്റെ ജന്മദിനം ക്ഷണിച്ചത് കൂടെയാണ്. ഇതിന് മുൻപ് പോയ ആഘോഷങ്ങളിൽ 'ആൾക്കൂട്ടത്തിൽ തനിയെ' ആയത് ഋതു മാത്രമല്ല,ഇവരും കൂടിയാണ് . രാവിലെ മുതൽ അതിന്റെ ഓർമ്മകൾ അവരെ രണ്ടും വല്ലാണ്ട് വേട്ടയാടുന്നു..

ഋതു....


പേര് വിളിച്ചാൽ ഒന്ന് നോക്കുകയോ, എന്തെങ്കിലും ഒന്ന് മിണ്ടുകയോ ചെയ്യുന്നുണ്ടോ എന്ന് ദിനവും നോക്കുന്ന അച്ഛനും അമ്മയും ഉള്ള മകൾ.അവൾക്ക് ആൾക്കൂട്ടവും വലിയ ശബ്ദങ്ങളും ഒക്കെ ഉൾകൊള്ളാൻ പ്രയാസമാണ്. പരിചയമില്ലാത്ത സ്ഥലങ്ങൾ, പുതിയ ആളുകൾ, ഭക്ഷണം ഒക്കെ അവൾക്ക് വല്ലാത്ത ബുദ്ധിമുട്ടാണ്. കുഞ്ഞുടുപ്പിലും കയ്യിലും സദാ ചിത്രശലഭത്തെ കാണാം.പാറിപറക്കുന്ന പൂമ്പാറ്റകൾ ആണ് അവളുടെ ലോകം. ആരോടും മിണ്ടില്ല, ആരെയും നോക്കി ചിരിക്കില്ല, സ്വന്തം ലോകത്ത് വർണങ്ങൾ വിരിച്ച് പറന്ന് നടക്കുന്ന ഒരു കുഞ്ഞ് ശലഭം..

മുൻപ് പോയ എല്ലായിടത്തും ആളുകളുടെ സഹതാപം നിറഞ്ഞ നോട്ടം, കുത്തി കുത്തിയുള്ള ചോദ്യങ്ങൾ ഒക്കെ അവരെ രണ്ടുപേരെയും വല്ലാതെ വേദനിപ്പിച്ചിട്ടുണ്ട്. ആ ഒരു കാരണത്താൽ അവർ എവിടയും പോകാറില്ല. ഒരുപോലത്തെ ചോദ്യങ്ങളും, മാറ്റം ഇല്ലാത്ത ഉത്തരങ്ങളും അവർക്ക് മടുത്ത് തുടങ്ങി.ഈ രാത്രിയും എന്നത്തേയും പോലെ ആകുലതകൾ പങ്കുവെച്ചു അവർ ഉറങ്ങാതെ ഉറങ്ങി...

ദിവസങ്ങൾക്കപ്പുറം, ജെയിംസിന്റെ നിർത്താതെ ഉള്ള നിർബന്ധത്തിന് വഴങ്ങി  അവർ പാർട്ടിക്ക് എത്തി ചേർന്നു .കാറിൽ നിന്നും ഇറങ്ങുമ്പോൾ അകത്തെ തട്ട് പൊളിപ്പൻ സംഗീതത്തിന്റെ ഒച്ച പുറത്ത് കേൾക്കാമായിരുന്നു. കുഞ്ഞിക്കൈകൾ കൊണ്ട് ചെവി പൊത്തി പിടിച്ച് നിലത്തിരിക്കുന്ന ഋതുവിന്റ മുന്നിലേക്ക് ജെയിംസും കുടുംബവും ചിത്രശലഭത്തിന്റെ തൊപ്പി വെച്ച് വന്ന് നിന്നു. ഉച്ചത്തിലുള്ള പാട്ട് പതിയെ നിലച്ചു. അതിഥികൾ എല്ലാവരും പൂമ്പാറ്റ തൊപ്പി വെച്ച് ഋതുവിനെ ആനയിച്ചു.  കേട്ട് മടുത്ത ചോദ്യങ്ങളും, സഹതാപം നിറഞ്ഞ മുഖങ്ങളും അവിടെ കണ്ടില്ല.
ശബ്ദങ്ങൾ ഇല്ലാതെ, വലിയ വെളിച്ചം ഇല്ലാതെ ഋതുവിന് ഇഷ്ടപെട്ട ചിത്രശലഭങ്ങൾ പതിച്ച മുറിയുടെ നടുവിൽ നിന്ന്  ചിത്രശലഭത്തിന്റെ രൂപമുള്ള കേക്ക് ജെയിംസിന്റെ മകൻ മുറിക്കുമ്പോൾ ഋതുവും കൂടെ നിന്നു. കൈകൾ ഉയർത്തി വായുവിൽ പൊങ്ങി ചാടി...

മാറ്റിനിർത്തലുകൾ മാത്രം കണ്ടുകൊണ്ടിരുന്ന അവർക്ക് ഇന്നിപ്പോ ചേർത്ത് പിടിക്കുന്നതിന്റെ കുളിരും സന്തോഷവും അടുത്തറിയാൻ പറ്റി, ഇന്നെടുത്ത ഫോട്ടോയിൽ അവരുടെ ഉള്ള് തുറന്ന ചിരി പതിഞ്ഞിരുന്നു. എപ്പോഴോ മൂടി വെച്ച ഫേസ്ബുക് പ്രൊഫൈൽ ഇന്ന് തുറന്ന് ആനന്ദ് ഒരു പോസ്റ്റ് ഇട്ടു...
"ഫീലിംഗ് ഹാപ്പി ആൻഡ് കൺസിഡെർഡ് " വിത്ത് അഞ്ചു ആൻഡ് ജെയിംസ്..
ചെറിയ ചെറിയ കരുതലുകൾ ചിലപ്പോൾ ആഴമുള്ള ആലിംഗനം പോലെ ആണ്.ഒറ്റപ്പെട്ട് നിൽക്കുന്നവരെ കെട്ടിപിടിക്കുമ്പോൾ നിങ്ങൾ പകരുന്നന്നത് വിവരിക്കാൻ വാക്കുകളില്ലാത്ത ഉയർത്തെഴുന്നേൽപ്പിന്റെ ഊർജമാണ്....

ഈ ഭൂമിയിൽ ഉള്ളതെല്ലാം ഒരുപോലെ ആയിരുന്നെങ്കിലോ... മലയും, പുഴയും, തിരയും, തീരവും എല്ലാം ഒരുപോലെ ഇരുന്നെങ്കിൽ...
ഓരോ യാത്രയിലും വൈവിദ്യം തിരയുന്ന നമ്മൾ, പക്ഷെ നമുക്കിടയിലെ വൈവിദ്യങ്ങളെ വൈകല്യങ്ങളായി കാണുന്നു...
" THEY ARE NOT DISABLED, THEY ARE NEURO-DIVERSE".
ഒരു സമൂഹത്തിലെ അവസാന വ്യക്തിയെയും പരിഗണിക്കുമ്പോഴാണ് അത് ഒരു പരിഷ്ക്രിത സമൂഹം ആകുന്നത്...



2 April
World
Autism
Awareness Day




Pencil Sketch





Theertha Salil



Poem

# Lost Soul

I will wait for you
Till time stands still
Because I still rue
About what could be
If you hadn't have to leave

I will wait for you
As you run with the angels
And dance around the clouds
Your memory could never escape me
And through the memories I will love you


I will still wait for you
Because your life on earth was not meant to be
Quiet as a whisper you slippged away
Alas my love for you will not sway

And
I will still wait for you
Till time stands still



-TEENA THOMAS





# Travelogue

-Ean Peter Manoj



*I was so hungry and was starving..*

.... continued

So I got into my bus in the early morning. It was still pitch dark. We travelled for about 5 or 6 hrs and we reached our border with France. We gave our passports and stuff and ate our food from a restaurant and started our journey. When we were getting onto the ship by our coach I felt like I was swimming and floating in the water.

I was super excited because that was my first time going on a boat. We had about 1hr and 30 min to get into france, calais. There was also some fun stuff in the boat. After a bit of a long hr of travelling above the international ocean we finally reached our destination france, calais. I got super excited and I couldn't wait to explore it.

Then after getting into the coach we drove out of the ship to the highway. I was able to see the international ocean and also the boat we came in. We started our journey to our hotel where we were going to stay and while I understood one thing, most of the houses were built the same as we can see in uk. After sleeping and waiting for 45 min. We finally got up to our hotel. Which was pretty good. But I don't know how when I got out of the coach I felt so cold and freezing and also had a headache and was sleepy. After we got out of the coach, a person from the hotel came into us. And the first thing they did is make 6 groups of 6 people. Me and my friend Philip were getting a room between 4 other years 9. At first i was thinking will it be ok or will they hurt us are they good guys?

We got into our rooms. It was a bunk bed and I didn't allow my friend to go on to the top. He was using tricks such as trying to push me down, pull me, hit me with something. But I didn't give up. Finally, when he got tired, he stopped. For the first day they were trying a task on everyone like when you hear an emergency sound you have to go outside and stand in our groups. I was so tired that I just wanted to sleep. We got back into our bedrooms and when it came 6:00pm we had to go and eat our dinner. Our first day's dinner was gross. The only thing we could eat was bread and fruity dessert but for me i was eating bread 5 or 6 times to not get hungry. But still I was so hungry and was starving.

I thought we were going to bed then I realised that we had night activities. I was feeling so tired, a big headache, and sleepy after a 1 or 2 hrs of activity. Teachers said that you can do whatever for 30 mins so the year 9 told us that you go and take a shower right now and we will do it tomorrow. And when I thought about it was a good idea. After that i called my parents, played some games and went to bed

To be continued.....

# Our Sponsors

rostercare
*Caters Quality Care*

2 4 7
Firstcall

STAYEZY

Flavours from the land of Spices
Spices County
• Indian Cuisine •
Kerala
God's Own Country




## Thanks to Our Sponsors

# HAPPY BIRTHDAY

## 6th Birthday





Navisha Nair
(18-April-2024)

# Happy Wedding Anniversary

## 16th Wedding Anniversary



Ramkumar Balakrishnan Nair
Raji Radhika Manoharan
(18-April-2024)

## 12th Wedding Anniversary



Suma & Mijesh
(15-April-2024)

Wishes from : Deepa Mahesh

# HAPPY WEDDING ANNIVERSARY

(18-April-2024)



## 22nd Wedding Anniversary

## Rajesh Nair& Reshmi Rajesh


# TRUST HAS ONE MORE NAME

Growing with Time 22

Vostek
nursing the future



For over two decades, our unwavering expertise has paved the way, guiding 30,000+ international nurses to new horizons in the UK. Each nurse, a testament to a life changed, a story untold.

We've woven bridges between countries, threading trust into every connection, standing resilient against the trials of time.

In the past, in the present, and into future, we are the beacon of hope and the promise of a brighter tomorrow. Join us in shaping a future where dreams know no boundaries.

Discover the future of Nursing - Then, Now, Forever.

+44(0)2072339944 | info@vostek.co.uk | www.vostek.co.uk | Vostek Ltd, 7A, Lower Grosvenor Place, London

# UK News

## EVE registration closes soon



The DMA Easter-Vishu-Eid Celebration named as EVE 2024 registration closes on 21st April 2024. The last day for registration was revised from 20th to 21st April due to the request from many of our members.

Team Tiny Tappers during a practice session

## Raffle Ticket

DMA will be selling Raffle tickets on the EVE'24 day. The first prize is sponsored by Stayezy, a two day voucher for the stay at Misty Wonder Resort Munnar worth £200. The other prizes are sponsored by Kavya Silks Leicester, Daffodils Designs and Beauty Box, Derby.

Misty Wonders
BY STAYEZY

## Jibin Getting Better

Jibin, a previous resident of Derby, embarked on a journey to Kerala, India, seeking life-saving liver treatment. After undergoing a liver transplant on April 8th, there are promising signs of improvement in his condition.



The transplant, which took place in a hospital in Kerala, was made possible by the generosity of a 45-year-old woman who became the donor.

# EVE'24 Special Events






# RESIDENTIAL / COMMERCIAL CONVEYANCING

Imperial offices, 2 Heigham Road, East Ham, London - E62JG



We understand that buying or selling a house can be stressful process. That is why we do everything we can to make this process stress free for you

- FIRST TIME BUYER
- BUY TO LET
- REMORTGAGE
- LEASE EXTENSION
- TRANSFER OF EQUITY



GET IN TOUCH FOR A QUICK CONVEYANCING QUOTE

020 3130 1769




Contact:

Aravind Sreevalsalan
Mob: 0787 234 5826

Tel: 020 3130 1747, Fax: 0208 548 0302
Email: info@legendsolicitors.org
www.legendsolicitors.org

THE LAW SOCIETY ACCREDITED Conveyancing Quality

CYBER ESSENTIALS

Lexcel Practice Management Standard Law Society Accredited

## WE DO CONVEYANCING FOR

- New build properties
- Leasehold
- Right to buy
- Ltd company purchase
- Help to buy redemption
- Shared Ownership
- Auction Properties
- Re-mortgage
- Bridging loan
- Re-finance



LEGEND SOLICITORS

020 3130 1769

Website : www.legendsolicitors.org | Email :Rcp@legendsolicitors.org

LEGEND SOLICITORS

PH: 0203 130 1769

Email:info@legendsolicitors.org
Web: www.legendsolicitors.org

IMMIGRATION | CONVEYANCING | LITIGATION




ലോകത്തിന്റെ ഏത് കോണിൽ ആണെങ്കിലും മലയാളികൾ തങ്ങളുടെ തനത് രുചികൂട്ടുകൾ തേടുന്നവർ അല്ലേ, അപ്പോൾ നമ്മുടെ നാടൻ തനത് മത്സ്യങ്ങളും മീറ്റ് പ്രോഡക്റ്റ്സും ഒരു കുട കീഴിൽ ഏറ്റവും ഹൈജനിക് ആയി ഹോം ഡെലിവറിയോടെ അവതരിപ്പിക്കുകയാണ് യുകെ നോട്ടിങ് ഹാം ഏരിയയിൽ ഒരു മലയാളി സംരംഭം “ SIBU FISH N MEAT SHOP NOTTINGHAM, UK ”

Free home delivery areas :-
Nottingham ഏരിയ ചുറ്റളവിൽ ഉള്ള ലൊക്കേഷനിൽ ഓരോ ദിവസങ്ങൾ ആയി ഹോം ഡെലിവറി സൗകര്യം ഉണ്ടായിരിക്കുന്നതാണ് :-
Contact Number : +44 7586 599302, 07436 343568

# ROCK & ROLL

## Mallu Band
## Derby

അവതരിപ്പിക്കുന്ന

# ചിന്ന
# ഗാനമേള

Derby Malayalee Association

# DMA



# e-തൂലിക

## Next Edition : 20th May 2024

അടുത്ത ലക്കം e-തൂലികയിലേക്കുള്ള നിങ്ങളുടെ എഴുത്തുകളും, വരകളും, ഫോട്ടോഗ്രഫിയും ഒക്കെ ഞങ്ങൾക്ക് മെയ് 15ന് മുമ്പായി അയച്ചു തരൂ.

Please send your writings, articles,drawings and photographs for the next edition of the e-magazine by May 15th.

Please share Birthday wishes, Anniversary wishes, or any special occasions in e-thoolika for a small fee of £5.

**DMA WhatsApp :+44 7385 847043**

Thank You